കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിലെ ക്രമക്കേടുകൾ

115. [165] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ തൃശ്ശൂരുള്ള ഹെഡ് ഓഫീസിൽ 1985-ൽ എന്തെങ്കിലും ക്രമക്കേട് നടന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ലക്ഷം രൂപയുടെ ;

(ബി) ഇതു സംബന്ധിച്ച് ആരെയെങ്കിലും സസ്പെൻഡ് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെയെല്ലാം ;

(സി) കെ. എസ്. എഫ്. ഇ. യിൽ അഴിമതിയും ക്രമക്കേടുകളും ഇടപാടുകാർക്ക് ബുദ്ധിമുട്ടുകളും വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സമഗ്രമായൊരന്വേഷണം നടത്തി ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1982-83, 1983-84, 1984-85 എന്നീ സാമ്പത്തിക വർഷങ്ങളിൽ 1,24,819.42 രൂപയുടെ പണാപഹരണം ഒരു ജീവനക്കാരനായ ശ്രീ. കെ. ആർ. ആൻറണി നടത്തിയതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ശ്രീ. കെ. ആർ. ആൻറണിയെയും ആൻറണിയുടെ മേലധികാരികളായിരുന്ന അക്കൗണ്ട്സ് ഓഫീസർ ശ്രീ. പി. വി. സുധാകരൻ സീനിയർ എക്സിക്യൂട്ടീവ് അസിസ്റ്റൻറ് ആയിരുന്ന ശ്രീ. കെ. എ. നസറുള്ള എന്നിവരെയും സസ്പെൻറു ചെയ്തിട്ടുണ്ട്.

(സി) കമ്പനിയിൽ നടന്ന ക്രമക്കേടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇതല്ലാതെ കമ്പനിയിൽ അഴിമതിയും ഇടപാടുകാർക്ക് ബുദ്ധിമുട്ടുകളും ഉള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ആവശ്യമായ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. കൂടുതലായ അന്വേഷണങ്ങൾ വേണമെന്നു തോന്നുന്നില്ല.

ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ വസ്തു വാങ്ങാൻ തീരുമാനം

116. [166] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ ഡയറക്ടർ ബോർഡ് തലസ്ഥാന നഗരിയിൽ വസ്തു വാങ്ങാൻ തീരുമാനമെടുത്തുവോ ; എങ്കിൽ എന്നാണ് തീരുമാനമെടുത്തത് ;

(ബി) സെൻറിന് എന്തു വില വച്ച് വാങ്ങാനാണ് തീരുമാനിച്ചത് ;

(സി) ഈ വസ്തുവിന് തഹസിൽദാർ സെൻറിന് എന്തുവിലയാണ് നിർണ്ണയിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) തഹസിൽദാരുടെ വിലനിർണ്ണയത്തെ മറി കടക്കാൻ കമ്പനി ആശ്രയിക്കുന്ന വിധവും, ഏറ്റെടുക്കൽ ചെലവും നൽകാൻ തീരുമാനിച്ചുവോ ;

(ഇ) ഈ വസ്തു ഇടപാടിനെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാരുടെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ സന്നദ്ധമാകുമോ?

LIBRARY ARCHIVES Kerala Legislative Assembly